**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1859** **02-02-2024 - ൽ മറുപടിയ്ക്ക്**

**പക്ഷിപ്പനി ഭീഷണിയെത്തുടർന്ന് വളർത്തു താറാവുകളെ കൊന്നൊടുക്കിയ കർഷകർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പക്ഷിപ്പനി ഭീഷണിയെത്തുടർന്ന് വളർത്തു താറാവുകളെ കൊന്നൊടുക്കിയ കർഷകർക്ക് നൽകുവാനുള്ള ധനസഹായ വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുക കൊടുക്കാനുണ്ടെന്നും അതിന്റെ വിതരണം എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നും അറിയിക്കുമോ; | (എ) | ധനസഹായ വിതരണം പൂർത്തിയായിട്ടില്ല.<br><br>2022-2023 വർഷത്തിലെ കണക്ക് പ്രകാരം 1,74,03,005/- രൂപ വിതരണം ചെയ്യാനുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന സർക്കാരിന്റെ വിഹിതവും ചേർത്ത് ഇനിയും നൽകുവാനുള്ള നഷ്ടപരിഹാരം അനുവദിക്കാനുദ്ദേശിക്കുന്നു. |
| (ബി) | ഇതിനായി എത്ര തുക ചെലവഴിച്ചു; ഇതിൽ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും എത്ര വീതമാണ്; വിശദമാക്കുമോ; | (ബി) | 2021-22 വരെ 1112.9 ലക്ഷം രൂപ ചെലവഴിച്ചു. ടി തുക സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിന്റെ പലിശയിനത്തിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്.<br><br>ചെലവഴിച്ച തുകയിൽ, 559.9 ലക്ഷം രൂപ കേന്ദ്രവിഹിതവും, 553 ലക്ഷം രൂപ കേന്ദ്രവിഹിതത്തിന് ആനുപാതികമായുള്ള സംസ്ഥാനവിഹിതവുമാണ്.<br><br>559.9 ലക്ഷം രൂപയിൽ 2016 ൽ 115 ലക്ഷം രൂപ കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ട്. ബാക്കി 444.9 ലക്ഷം രൂപ ലഭിക്കാനുള്ളതിൽ 111.25 ലക്ഷം രൂപ 2023-24 ൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ടി തുക PFMS ൽ ലഭ്യമായിട്ടില്ല. |
| (സി) | ഇപ്രകാരമുള്ള നഷ്ടപരിഹാര തുക അവസാനമായി പുതുക്കി നിശ്ചയിച്ചതെന്നാണ്; ആയത് അപര്യാപ്തമായതിനാൽ തുക പുതുക്കി നിശ്ചയിക്കുന്നതിനും കുടിശിക വേഗത്തിൽ വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുമോ; | (സി) | 10/03/2022 ലെ സ.ഉ (കൈ) നം. 14/2022/AHD ഉത്തരവ് പ്രകാരമുള്ള നിരക്കിലാണ് നിലവിൽ നഷ്ടപരിഹാരം കണക്കാക്കി വരുന്നത്. നിലവിൽ കേന്ദ്രവിഹിതത്തിനെക്കാളും ഉയർന്ന നിരക്കിലാണ് സംസ്ഥാന വിഹിതം നൽകിവരുന്നത്. കുടിശ്ശിക വേഗത്തിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഈ രംഗത്ത് ഏതെങ്കിലും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | താറാവ്, കോഴി എന്നിവയ്ക്ക് സംസ്ഥാന വ്യാപകമായി ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനും ഇൻഷ്വറൻസ് പ്രീമിയം നിശ്ചയിക്കുന്നതിനും ബഹു. മൃഗസംരക്ഷണ |

| | | | |
|---|---|---|---|
| | | | വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പലതവണ പൊതുമേഖല ഇൻഷുറൻസ് കമ്പനികളുമായി മീറ്റിംഗ് നടത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ മുട്ടക്കോഴി/താറാവ് - 100 എണ്ണം, ഇറച്ചികോഴി/ താറാവ് - 500 എണ്ണം, ടർക്കി മുട്ട/ഇറച്ചിക്കുള്ളത് - 50 എണ്ണം എന്നിങ്ങനെയുള്ള യൂണിറ്റുകൾ കണക്കാക്കി EOI ക്ഷണിക്കുകയും ചെയ്തിരുന്നു.<br><br>എന്നാൽ പൊതുമേഖല ഇൻഷുറൻസ് കമ്പനികൾ ഒന്നും തന്നെ നിശ്ചിത സമയപരിധിക്കുള്ളിൽ EOI സമർപ്പിക്കുകയുണ്ടായില്ല. കൂടാതെ കോഴി, താറാവ് എന്നിവയ്ക്ക് നിലവിൽ പൊതുമേഖല ഇൻഷുറൻസ് കമ്പനികൾ ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല എന്നാണ് ഇൻഷുറൻസ് കമ്പനികളുടെ പ്രീ-ബിഡ് യോഗത്തിൽ ഇൻഷുറൻസ് കമ്പനി പ്രതിനിധികൾ അറിയിച്ചത്. |

സെക്ഷൻ ഓഫീസർ